എ5/25/2020-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 23-03-2020

പ്രേഷിത

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് (എൻഫോഴ്സ്മെന്റ്) ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-കോവിഡ്-19-നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. ചെക്ക്പോസ്റ്റുകളിലും, ഓഫീസുകളിലും ജോലിയിലുള്ള എല്ലാ ജീവനക്കാർക്കും ഹാൻഡ് ഗ്ലവ്സ്, മാസ്കുകൾ, സാനിറ്ററൈസർ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ സ്വീകരിക്കേണ്ടതാണ്
2. ചെക്ക്പോസ്റ്റുകളിലും, ഓഫീസുകളിലും ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ ഡ്യൂട്ടിയിലുള്ള സമയം മുഴുവൻ മാസ്ക്, ഹാൻഡ് ഗ്ലവ്സ് എന്നിവ ധരിക്കേണ്ടതാണ്. ചെക്ക്പോസ്റ്റിൽ വരുന്ന അപേക്ഷകർക്കും, വാഹന ഡ്രൈവർമാർക്കും നിർബന്ധമായും സാനിറ്ററൈസർ നൽകേണ്ടതാണ്. ഇത് നൽകുന്നതിനായി ഒരു ഓഫീസ് അറ്റൻഡന്റിനെ ചുമതലപ്പെടുത്തേണ്ടതാണ്
3. ഓഫീസുകളുടെയും, ചെക്ക് പോസ്റ്റുകളുടെയും സുഗമമായ പ്രവർത്തനത്തിനായി ആവശ്യമെങ്കിൽ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതാണ്.
4. ചെക്ക് പോസ്റ്റുകളിൽ അമിതമായ തിരക്ക് ഒഴിവാക്കേണ്ടതും, സാമൂഹ്യ അകൽച്ച പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ

ഒപ്പ്

ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്